(സി) 39181 പേർക്കായി ആകെ 40,74,56,141 രൂപ (നാല്പത് കോടി എഴുപത്തിനാലു ലക്ഷത്തി അമ്പത്തി ആറായിരത്തി നൂറ്റി നാല്പത്തിയൊന്ന് രൂപാ മാത്രം) ആശ്വാസ ധനസഹായമായി നൽകുവാനുണ്ട്.

(ഡി) ഈ വർഷം ആകെ 199,95,65,291 രൂപ (നൂറ്റി തൊണ്ണൂറ്റി ഒമ്പത് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപാ മാത്രം) കാലവർഷം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തം നേരിടുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഇ) 2014-15-ലെ കാലവർഷക്കെടുതിയെത്തുടർന്ന് 399.98 കോടി രൂപയുടെ കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയും കേന്ദ്ര സഹായമൊന്നും ലഭ്യമായിട്ടില്ല.

കോട്ടക്കുന്ന് പ്രദേശത്ത് 16-ഓളം കുടികിടപ്പുകാർക്ക് പട്ടയം

161(4792) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കുന്നംകുളം വില്ലേജിലെ കോട്ടക്കുന്ന് പ്രദേശത്ത് 16-ഓളം കുടികിടപ്പുകാർക്ക് ഇതുവരെയായിട്ടും പട്ടയം അനുവദിച്ചു നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പട്ടയം അനുവദിച്ചു നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പട്ടയം അനുവദിച്ചു നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബി.ടി.ആർ. പ്രകാരം കുന്നുകാലി മേച്ചിൽപ്പുറം ഇനത്തിൽപ്പെട്ട പുറമ്പോക്കായ പ്രസ്തുത ഭൂമി നഗരപാലികാ നിയമപ്രകാരം കുറുംകുളം നഗരസഭയുടെ അധീനതയിൽ വരുന്നതാകയാൽ റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കേണ്ടതുണ്ട്.

(സി&ഡി) നഗരസഭയുടെ അധീനതയിലുള്ള ഭൂമി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കിയാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly